ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 18.12.2017

# ക്വാറി ഉല്പന്നങ്ങളുടെ അമിതവില അന്വേഷിക്കും : മന്ത്രി ജി.സുധാകരൻ

പൊതുമരാമത്ത് നിർമ്മാണ മേഖലയിലും, സ്വകാര്യ നിർമ്മാണ മേഖലയിലും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പാറക്കല്ല്, മെറ്റൽ, എം-സാന്റ് തുടങ്ങിയ ഉല്പന്നങ്ങൾ ജി.എസ്.ടിയുടെ പേരിൽ ക്വാറി ഉടമകൾ അമിതമായ വിലവർദ്ധന വരുത്തിയതായി പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ചരക്കു സേവന നികുതിയുടെ പേരിൽ ഇരട്ടിയോളം തുക വർദ്ധിപ്പിച്ചത് തികച്ചും അന്യായമായ നടപടിയാണ്. ക്വാറികൾ പൂട്ടിയതിന്റെ ഭാഗമായി ഉല്പന്നങ്ങളുടെ ലഭ്യതക്കുറവിനേയും അന്യായ വിലവർദ്ധനവിനുള്ള മറയാക്കിയിരിക്കുകയാണ്. ഈ വിഷയം മുഖ്യമന്ത്രിയുടേയും വ്യവസായ വകുപ്പു മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും, അന്യായ വിലവർദ്ധന സംബന്ധിച്ച് അന്വേഷണമുണ്ടാകുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

നിർമ്മാണ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന നടപടിയാണ് ക്വാറി ഉടമകൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ജി.എസ്.ടി നടപ്പിലായപ്പോൾ വാറ്റ് ഘടനയിൽ ഉണ്ടായിരുന്നതിനേക്കാൾ നികുതി നിരക്ക് കുറഞ്ഞതായാണ് മനസ്സിലാകുന്നത്. എന്നിട്ടും വില വർദ്ധിപ്പിച്ച ക്വാറി ഉടമകളുടെ നടപടി നീതികരിക്കാവുന്നതല്ലെന്നും, പരിഹാരനടപടികൾ സർക്കാർ തലത്തിൽ ആലോചിക്കുന്നുണ്ടെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.